"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തവനൂർ നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ ശൗചാലയങ്ങളും മൂത്രപ്പുരകളും നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷം 2515-00-101-68 എന്ന ശീർഷകത്തിൽ "ശുചിത്വ കേരളം (റൂറൽ)" പദ്ധതിയിലെ 'ദ്രവമാലിന്യ പരിപാലന ഘടകത്തിൽ' വകയിരുത്തി ഭരണാനുമതി നല്കിയിട്ടുള്ള തുകയിൽ നിന്ന് ചെലവഴിച്ച തുക കിഴിച്ച് ബാക്കി 93,67,298/ രൂപ 2020-21 സാമ്പത്തിക വർഷം ഇതേ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.476/2021/LSGD തീയതി,തിരുവനന്തപുരം, 17/02/2021

പരാമർശം:- 1 7.8.2017-ലെ ജി.ഒ.(പി)നം.102/2017/ധന. നമ്പർ ഉത്തരവ്

2 26.03.2018-ലെ G.O.(Rt.) No.823/2018/LSGD നമ്പർ ഉത്തരവ്

3 02.07.2019 ലെ G.O(Rt) No.1352/2019/LSGDനമ്പർ ഉത്തരവ്

4 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.12.2020--ലെ 4024/A/2017/SMനമ്പർ കത്ത്

ഉത്തരവ്

മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിൽ 12 സർക്കാർ സ്കൂളുകളിൽ 125 ശൗചാലയങ്ങളും 153 മൂത്രപ്പുരകളും പുതുതായി പണിയുന്നതിനും കാടഞ്ചേരി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ നിലവിലുള്ള 20 ശൗചാലയങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2515-00-101-68 എന്ന ശീർഷകത്തിൽ ദ്രവമാലിന്യ പരിപാലന ഘടകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1,47,10,000/ രൂപ (ഒരുകോടി നാല്പത്തിയേഴ് ലക്ഷത്തി പതിനായിരം രൂപ) വിനിയോഗിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാഞ്ഞതിനാൽ മേൽ പറഞ്ഞ പ്രവൃത്തികൾക്ക് അപ്രൂവ്ഡ് എസ്റ്റിമേറ്റും പുതുക്കിയ സാങ്കേതിക അനുമതിയും പ്രകാരം അനുവദനീയമായ തുക, 2019-20 സാമ്പത്തിക വർഷം 2515-00-101-68 എന്ന ശീർഷകത്തിൽ "ശുചിത്വ കേരളം (റൂറൽ)" പദ്ധതിയിലെ 'ദ്രവമാലിന്യ പരിപാലന ഘടകത്തിൽ' വകയിരുത്തി ഭരണാനുമതി നല്കിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.,

2. തവനൂർ നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ ശൗചാലയങ്ങളും മൂത്രപ്പുരകളും നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ 1,33,50,000/ രൂപയുടെ ഭരണാനുമതി പരാമർശം (3) ഉത്തരവ് പ്രകാരം നല്കിയിരുന്നുവെങ്കിലും പ്രസ്തുത തുകയിൽ 39,82,702/ രൂപ മാത്രമേ 2019-20 സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളുവെന്നും 93,67,298/ രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്നും ആയവ 2020-21 സാമ്പത്തിക വർഷം തുടർന്നു വരുന്നുവെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കോവിഡ് സാഹചര്യത്തിലാണ് മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാതിരുന്നത് എന്നതിനാൽ തവനൂർ നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ ശൗചാലയങ്ങളും മൂത്രപ്പുരകളും നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ തുകയിൽ നിന്ന് ചെലവഴിച്ച 39,82,702/ രൂപ കിഴിച്ച് ബാക്കി 93,67,298/ രൂപ ശുചിത്വ കേരളം റൂറൽ ഘടകത്തിലെ 2515-00-101-68 എന്ന ശീർഷകത്തിൽ വിനിയോഗിക്കുന്നതിനു പുതുക്കി ഭരണാനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തവനൂർ നിയോജക മണ്ഡലത്തിലെ സർക്കാർ

സ്കൂളുകളിലെ ശൗചാലയങ്ങളും മൂത്രപ്പുരകളും നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷം 2515-00-101-68 എന്ന ശീർഷകത്തിൽ "ശുചിത്വ കേരളം (റൂറൽ)" പദ്ധതിയിലെ 'ദ്രവമാലിന്യ പരിപാലന ഘടകത്തിൽ' വകയിരുത്തി ഭരണാനുമതി നല്കിയിട്ടുള്ള തുകയിൽ നിന്ന് ചെലവഴിച്ച 39,82,702/ രൂപ കിഴിച്ച് ബാക്കി 93,67,298/ രൂപ 2020-21 സാമ്പത്തിക വർഷം ശുചിത്വ കേരളം റൂറൽ ഘടകത്തിലെ 2515-00-101-68 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, മലപ്പുറം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്